## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 257 — 30.11.2015-ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് ഏതെല്ലാം ആധുനികമായ സംവിധാനങ്ങളാണ് ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് വേണ്ടി പ്രത്യേക പരിശീലനം ലഭിച്ച പോലീസുകാർ ഉൾപ്പെട്ട ആധുനിക സംവിധാനങ്ങളോട് കൂടിയ സൈബർ സെൽ എല്ലാ പോലീസ് ജില്ലകളിലും പ്രവർത്തിച്ചു വരുന്നു. ഇവിടെ പ്രവൃത്തിയെടുത്ത് വരുന്ന പോലീസ് ഉദ്യോഗസ്ഥരെ സി-ഡാക്, ഹൈ-ടെക് സെൽ പോലുള്ള കേന്ദ്രങ്ങളിൽ അയച്ച് സൈബർ വിഷയങ്ങളിൽ വിദഗ്ധ പരിശീലനം നൽകി വരുന്നു. സൈബർ ഫോറിൻസിക് ഹാർഡ് വെയർ/സോഫ്റ്റ് വെയർ ഉപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കിയും സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് സൈബർ സെല്ലുകളുടെ പ്രവർത്തനം മികച്ച രീതിയിൽ ഉപയോഗിച്ചു വരുന്നു. മൊബൈലുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് നമ്പറുകളുടെ അഡ്രസ്സും, കോൾ ഡീറ്റെയിൽസും ശേഖരിച്ച് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറാറുണ്ട്. ഇ-മെയിൽ/ഫെയ്സ്ബുക്ക്/ ഇന്റർനെറ്റുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് അതിന്റെ ഐ.പി.അഡ്രസ് കണ്ടുപിടിച്ച് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറാറുണ്ട്. കമ്പ്യൂട്ടർ ഹാർഡ് ഡിസ്ക്/മെമ്മറി കാർഡ്/സിം കാർഡ് എന്നിവയിലെ ഡാറ്റാ നഷ്ടപ്പെട്ടാൽ അത് കണ്ടുപിടിക്കുന്നതിന് സി-ഡാക്കിൽ നിന്നും ലഭ്യമായ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്. കൂടാതെ ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.-യുടെ സൈബർ പോലീസ് സ്റ്റേഷനും സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനായി പ്രവർത്തിച്ചു വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും അതിൽ എത്ര കേസുകൾ കണ്ടെത്തിയെന്നും വ്യക്തമാക്കുമോ ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് 1700 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും, അതിൽ 904 കേസുകൾ കണ്ടെത്തിയിട്ടുള്ളതുമാണ്. |

Ma/hl

സെക്ഷൻ ഓഫീസർ